## പതിനാലാം കേരള നിയമസഭ
## (FOURTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി I
# (SUBJECT COMMITTEE I)

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
# (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്
## (2016-2017)

**FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS**

**(2016-2017)**

2016 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on September 26, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

ഒന്നാമത് റിപ്പോർട്ട്

(2016-2017)

FIRST REPORT ON THE SCRUTINY OF

DEMANDS FOR GRANTS

(2016-2017)

806/2016.

# ഉള്ളടക്കം

| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. വി. എസ്. സുനിൽ കുമാർ,
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,
മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 27, ആഗസ്റ്റ് 3 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു:

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

ധനാഭ്യർത്ഥന നമ്പർ XXX— ഭക്ഷ്യം (വെയർഹൗസിംഗ് കോർപ്പറേഷൻ)

ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപംനൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2016 ആഗസ്റ്റ് മാസം 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 10.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി

വോട്ടു ചെയ്തത് .. 3330,53,30,000 രൂപ

ചാർജ് ചെയ്തത് .. 10,00,000 രൂപ

2401-00-001-88—മലബാർ മാർക്കറ്റ് കമ്മിറ്റികളുള്ള സഹായം

വിഹിതം .. 40,00,000 രൂപ (പദ്ധതിയേതരം)

പദ്ധതിക്കായി 2016-17 വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക 2015 ഡിസംബർ മാസം വരെയുള്ള കുടിശ്ശിക പെൻഷൻ വിതരണത്തിനു മാത്രമാണ് തികഞ്ഞതെന്നും 2016 ജനുവരി മുതൽ 2017 മാർച്ച് വരെയുള്ള പെൻഷൻ വിതരണത്തിന് അധികം തുക ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.18 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-102-90—ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

വിഹിതം .. 35,00,00,000 രൂപ (പദ്ധതി)

2. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അധിക സബ്സിഡി നൽകുന്നതിനും തരിശുനിലങ്ങളിലെ കൃഷി, കരനെൽകൃഷി എന്നിവ നടപ്പിലാക്കു ന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും തണ്ണീർതട-നീർത്തട സർവ്വേയുടെ പൂർത്തീകരണത്തിനും ഈ മേഖലയിലെ യന്ത്രവൽക്കര ണത്തിനും അധികതുക വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-103-77 —പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും

വിഹിതം .. 1,000 രൂപ (പദ്ധതി)

3. എല്ലാ വിളകളുടെയും വിവിധതരത്തിലുള്ള പരമ്പരാഗത വിത്തിനങ്ങളുടെയും സംരക്ഷണത്തിനും പ്രോത്സാഹനത്തിനും കർഷകർക്ക് വിത്തിനങ്ങൾ സംരക്ഷിക്കുന്നതിന് വിത്ത്/നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനും ആധുനിക സീഡ് ബാങ്ക് സ്ഥാപിക്കുന്നതിനും വളരെ താഴ്ന്ന ഊഷ്മാവിൽ വിവിധ വിത്തിനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യ ആരംഭിക്കുന്നതിനും വേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ പദ്ധതി നിർവ്വഹണത്തിനായി 2.9999 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-103-76—നാളികേര നേഴ്സറികൾ സ്ഥാപിക്കൽ

വിഹിതം .. 1,000 രൂപ (പദ്ധതി)

4. നാളികേരകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തെങ്ങിൻതൈകളുടെ വിതരണം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്ത് കൂടുതൽ നാളികേര നേഴ്സറികൾ സ്ഥാപിക്കുന്ന പദ്ധതിക്ക് വേണ്ടി 6.39 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-76—XIV-ാം ധനകാര്യകമ്മീഷൻ അവാർഡ്

വിഹിതം .. ഇല്ല

5. 13-ാം ധനകാര്യകമ്മീഷൻ അംഗീകരിച്ച Kuttanadu Water Supply Augmentation Scheme-ന്റെ പൂർത്തീകരണത്തിനായി കേരള വാട്ടർ അതോറിറ്റിക്ക് 31.7995 കോടി രൂപ നൽകുവാൻ ഉത്തരവായിട്ടുണ്ടെങ്കിലും ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 31.7995 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-104-75—റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്റർ

വിഹിതം .. 1,000 രൂപ (പദ്ധതി)

6. കാർഷിക യന്ത്രവൽക്കരണത്തിനുള്ള സഹായം നൽകുക എന്ന ലക്ഷ്യത്തോടെ മൂന്ന് റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് യന്ത്രവൽക്കരണത്തിനുള്ള സേവന സഹായം, അറ്റകുറ്റപണിയും മറ്റു സഹായ സേവനങ്ങളും, കൃഷിയിടങ്ങളിലും മറ്റു സ്ഥലങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും മറ്റ് സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സെന്ററുകളിലെയും സംസ്കരണ യൂണിറ്റുകളിലെ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം സുഗമമാക്കുക തുടങ്ങി വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 2.9999 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-108-30—കേര ചക്കരയ്ക്കും കേരാമൃതത്തിനും (നീര) വേണ്ടിയുള്ള പൈലറ്റ് പ്രോജക്ടുകൾ

വിഹിതം .. 2,00,00,000 രൂപ (പദ്ധതി)

7. നീര ടെക്നീഷ്യൻമാർക്കുള്ള പരിശീലനത്തിനും നീര ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള ചെലവ് വഹിക്കുന്ന ഈ ശീർഷകത്തിൽ 200 ലക്ഷം രൂപയാണ് 2016-17 വർഷം വകയിരുത്തിയിട്ടുള്ളത്. 2015-16 വർഷം 3 യൂണിറ്റുകൾക്കായി 150

ലക്ഷം രൂപയുടെ ആനുകൂല്യം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഈ വർഷം കൂടുതൽ നീര യൂണിറ്റുകൾക്കുള്ള അപേക്ഷകൾ ലഭിക്കാൻ സാധ്യതയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 19 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-84—കാർഷികവിജ്ഞാനവും വ്യാപനവും

വിഹിതം .. 4,00,00,000 രൂപ (പദ്ധതി)

8. കാർഷിക വികസനത്തിനു വേണ്ടിയുള്ള വിജ്ഞാനവും വിനിമയസഹായവും നടപ്പാക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പരസ്യങ്ങൾക്കും വരുന്ന അധിക ചെലവിനും പഴയ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനും പുതിയ മൊബൈൽ എക്സിബിഷൻ വാഹനം വാങ്ങുന്നതിനും അനുവദിച്ച തുകയ്ക്കു പുറമെ ഈ ശീർഷകത്തിൽ 1.45 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-72—കാർഷിക വ്യാപനത്തിനും സാങ്കേതിക വിദ്യയ്ക്കുംവേണ്ടിയുള്ള ദേശീയമിഷൻ

വിഹിതം .. ഇല്ല

9. സംസ്ഥാന സർക്കാരിന്റെ കാർഷിക സബ്സിഡികൾ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന നാഷണൽ ഈ-ഗവേണൻസ് പ്ലാൻ അഗ്രിക്കൾച്ചർ പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഓണറേറിയം നൽകുന്നതിന് സംസ്ഥാന വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ പദ്ധതിയിനത്തിൽ 1.17 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-76—കർഷക ക്ഷേമനിധി ബോർഡ്

വിഹിതം .. 25,00,000 രൂപ (പദ്ധതി)

10. കർഷകരുടെ ഉന്നമനത്തിനായി വിഭാവനം ചെയ്ത കർഷകക്ഷേമനിധി ബോർഡ് സ്ഥാപിക്കുന്നതിനായി വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമാണെന്നു സമിതി മനസ്സിലാക്കുന്നു. സംസ്ഥാന സർക്കാരിന്റെ വിഹിതത്തിനായും ബോർഡിന്റെ സ്ഥാപനത്തിനായുള്ള മറ്റ് ചെലവുകൾക്കുമായി 50 ലക്ഷം രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-68—കേരള പരിപ്രേക്ഷ്യ പദ്ധതി-2030-ന്റെ കീഴിൽ വരുന്ന-മുൻഗണനാ പദ്ധതികൾ നടപ്പിലാക്കൽ

വിഹിതം .. ഇല്ല

11. കൃഷി വകുപ്പിന്റെ പ്രധാന പ്രവർത്തന മേഖലകളായ വിളപരിപാലനം, കാർഷിക വിജ്ഞാന വ്യാപനം, സംഭരണവും വിപണനവും, മൂല്യവർദ്ധനവ് എന്നിവയിലൂന്നിയുള്ള കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന്റെ കീഴിൽ വരുന്ന മുൻഗണനാ പദ്ധതികൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-109-62—സംയോജിത കാർഷികകേന്ദ്രം, തൃശ്ശൂർ

വിഹിതം .. 1,000 രൂപ (പദ്ധതി)

12. കൃഷി വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഓഫീസുകളും ലാബുകൾ ഉൾപ്പെടെ കാർഷികസേവന കേന്ദ്രങ്ങൾ, കാർഷിക യന്ത്രങ്ങൾ, നടീൽ വസ്തുക്കൾ തുടങ്ങി അഗ്രോ ബസാർ മാതൃകയിൽ തൃശ്ശൂരിൽ ഒരു സംയോജിത കാർഷിക കേന്ദ്രം സ്ഥാപിക്കുന്നതിന് 10 കോടി രൂപ അടങ്കൽ തുകയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും ഇതിന്റെ നിർമ്മാണത്തിനായി 2014-15, 2015-16 വർഷങ്ങളിൽ 4.25 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കോംപ്ലക്സിന്റെ പൂർത്തീകരണത്തിനായി 5.75 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-110-83—കേന്ദ്രസർക്കാർ സഹായത്തോടുകൂടിയുള്ള ഇൻഷ്വറൻസ് പദ്ധതി (സംസ്ഥാന വിഹിതം)

വിഹിതം .. ഇല്ല

13. കേന്ദ്രസർക്കാരിന്റെ സഹായത്തോടെയുള്ള വിവിധ വിള ഇൻഷ്വറൻസ് പദ്ധതികൾക്ക് 2016-17 ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. പ്രീമിയം തുകയുടെ 50% സംസ്ഥാനവിഹിതമായി വഹിക്കേണ്ടതായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-115-99—ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

വിഹിതം .. 34,43,00,000 രൂപ (പദ്ധതിയേതരം)

14. നെൽകൃഷിക്കാർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിക്ക് 2 ഹെക്ടർ വരെയും വൈദ്യുതി സൗജന്യമായി നൽകുന്ന ഈ പദ്ധതിയിൽ, കെ.എസ്.ഇ.ബി വൈദ്യുതി

താരിഫ് പുതുക്കിയതു മൂലമുള്ള അധിക ബാധ്യതയും കടിശ്ശിക തുകയും നൽകുന്നതിനും പോളിഹൗസ് കൃഷിക്ക് സൗജന്യാടിസ്ഥാനത്തിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനും അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 17.26 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-115-98 —ചെറുകിട നാമമാത്ര കർഷക പെൻഷൻ

വിഹിതം .. 113,52,00,000 രൂപ (പദ്ധതിയേതരം)

15. ചെറുകിട നാമമാത്ര കർഷകർക്ക് 60 വയസ്സാകുന്ന മുറയ്ക്ക് പ്രതിമാസം 600 രൂപ പെൻഷൻ നൽകി വരുന്ന പദ്ധതിയിൽ കർഷകർ പുതുതായി അംഗത്വമെടുക്കുന്നതി നാലുണ്ടാകുന്ന ഗുണഭോക്തൃ വർദ്ധനമൂലമുണ്ടാകുന്ന ചെലവിലേയ്ക്കായി അധികതുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 370.68 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-191—മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

50 —റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം .. 44,000 രൂപ (പദ്ധതിയേതരം)

2401-00-192— മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

50 —റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം .. 39,60,000 രൂപ (പദ്ധതിയേതരം)

2401-00-198—ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

50—റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്

വിഹിതം .. 12,03,40,000 രൂപ (പദ്ധതിയേതരം)

16. നെൽകൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേക്ക് 1000 രൂപ ഉൽപ്പാദന പ്രോത്സാഹന സഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. 2012-13 വർഷം മുതൽ കടിശ്ശികയുള്ള തുക ജില്ലാടിസ്ഥാനത്തിൽ കണക്കാക്കിയതു പ്രകാരവും 2016-17 വർഷം സംസ്ഥാനത്ത് 220000 ഹെക്ടറിൽ നെൽക്കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 1000 രൂപ ഒരു സീസൺ എന്ന നിരക്കിൽ ഉല്പാദന ബോണസ് നൽകേണ്ടതു പ്രകാരവും 2401-00-191-50 എന്ന ശീർഷകത്തിൽ 39.56 ലക്ഷം രൂപയും 2401-00-192-50 എന്ന ശീർഷകത്തിൽ 95.8 ലക്ഷം രൂപയും 2401-00-198-50 എന്ന ശീർഷകത്തിൽ 25.1831 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-800-91—പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി

വിഹിതം .. 3,00,00,000 രൂപ (പദ്ധതി)

17. അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് ആശ്വാസം നൽകുന്നതിനും അത്തരം സന്ദർഭങ്ങൾ നേരിടുന്നതിനുമായി നെൽവിത്തിന്റെയും മറ്റു കാർഷിക വിളകളുടെയും ഒരു കരുതൽ ശേഖരം ഉണ്ടാക്കുന്നതിനും വെള്ളപ്പൊക്കം തടയുന്നതിനായി ബണ്ട് ശക്തിപ്പെടുത്തുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 70 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2415-01-004-88—കടൽനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

വിഹിതം .. 1,000 രൂപ (പദ്ധതി)

18. കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്ത് കൃഷി നടപ്പിലാക്കുന്നതിനായി കുട്ടനാട്ടിൽ സ്ഥാപിച്ചിട്ടുള്ള അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും മലിനീകരണം സംബന്ധിച്ച ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുമായി അധികതുക വേണ്ടിവരുമെന്നതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്ത ണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-101-85—വിലസ്ഥിരതയ്ക്കു വേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം .. 15,00,00,000 രൂപ (പദ്ധതി)

19. വിലസ്ഥിരതയ്ക്കായി പച്ചക്കറി വിപണിയിൽ ഇടപെടുന്നതിന് ഹോർട്ടികോർപ്പിനും പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് നൽകുന്നതിനും കൂടാതെ കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കും അധികതുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-101-79—കേരള കാർഷിക വിപണന പദ്ധതികൾ

വിഹിതം .. 1,000 രൂപ (പദ്ധതി)

20. സംസ്ഥാനത്ത് സമഗ്ര കാർഷിക വിപണി എന്ന പദ്ധതി ആവശ്യമായ മാനവശേഷി സഹായത്തോടെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ

പ്രവർത്തനം മെച്ചപ്പെടുത്തൽ, മാർക്കറ്റ് ഡാറ്റാ ബേസ് വികസിപ്പിക്കൽ, വിപണി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തൽ എന്നിവ നടപ്പാക്കുന്നതിന് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-101-78—പച്ചക്കറി ഉൽപ്പാദക കമ്പനികൾക്ക് വിപണന സൗകര്യം സൃഷ്ടിക്കൽ

വിഹിതം .. 1,000 രൂപ (പദ്ധതി)

21. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കർഷകരുടെ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ച് വിപണനം ശക്തിപ്പെടുത്തുന്നതിനും ന്യായമായ വിലയ്ക്ക് പച്ചക്കറി ലഭ്യമാക്കുന്നതിനും, ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകർക്ക് പരമാവധി ആദായം ഉറപ്പ് വരുത്തുന്നതിനും മാർക്കറ്റിംഗ് സിസ്റ്റം ശക്തിപ്പെടുത്തു ന്നതിനുമായുള്ള പുതിയ പദ്ധതിയ്ക്ക് തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2435-01-800-94—മൂല്യവർദ്ധനവ്

വിഹിതം .. 3,00,00,000 രൂപ (പദ്ധതി)

22. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ കോക്കനട്ട് അഗ്രോപാർക്കുകൾ, പാലക്കാട്, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ നെല്ല് അധിഷ്ഠിത അഗ്രോപാർക്കുകൾ, തൃശ്ശൂർ ജില്ലയിൽ തേനും, നേന്ത്രകായയും അടിസ്ഥാനമായ അഗ്രോപാർക്കുകൾ, ഇടുക്കി, വയനാട് ജില്ലകളിൽ സുഗന്ധ വ്യഞ്ജന അഗ്രോപാർക്കുകൾ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ, തൃശ്ശൂർ ജില്ലയിലെ മാളയിൽ ചക്ക അടിസ്ഥാനമായ അഗ്രോപാർക്ക്, ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ പച്ചക്കറി അടിസ്ഥാനമായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ അഗ്രോപാർക്ക് എന്നിവ ലക്ഷ്യമിടുന്ന പുതിയ പദ്ധതിയുടെ നിർവ്വഹണത്തിനായി അധികതുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4401-00-109-99 —കാർഷിക വിജ്ഞാനവും വിനിമയവും

വിഹിതം .. ഇല്ല

23. ഫാം ഇൻഫർമേഷൻ ബ്യൂറോ പുതുതായി നിർമ്മിച്ച മീഡിയ റൂമിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ പദ്ധതിയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4435-01-101-97—ആർ.ഐ.ഡി.എഫ് പദ്ധതികൾ

വിഹിതം .. 7,00,00,000 രൂപ (പദ്ധതി)

24. ഗ്രാമീണ മേഖലയുടെ അടിസ്ഥാന വികസനത്തിനും, വിപണിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി നബാർഡ് വഴി നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതികളുടെ നിർവ്വഹണത്തിന് 13 കോടി രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**'ഹണിമിഷൻ'**

25. തേൻ ജൈവകൃഷിയുമായി അഭേദ്യമായി ബന്ധപ്പെട്ട ഉൽപ്പന്നമാണെങ്കിലും സംസ്ഥാനത്ത് സാധ്യതയുള്ളതിന്റെ 20% പോലും ശേഖരിച്ച് ഉൽപ്പന്നമാക്കുവാൻ സാധിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. തേനിന്റെ ഉൽപ്പാദന വിപണന പ്രവർത്തനങ്ങൾക്കായി 2015-16 സാമ്പത്തിക വർഷത്തിൽ 'ഹണിമിഷൻ' എന്ന പേരിൽ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നെങ്കിലും ആയതിന് ശീർഷകമനുവദിച്ച് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി ശീർഷകം അനുവദിച്ച് 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**മണ്ണ് പര്യവേക്ഷണ - സംരക്ഷണ വകുപ്പ്**

2402-00-101-82—ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കൽ

വിഹിതം .. 1,000 രൂപ (പദ്ധതി)

26. കൃഷിയുമായി ബന്ധപ്പെട്ട മണ്ണ് സർവ്വേ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്ന പരിപാടിയുടെ ഭാഗമായി ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ, ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് സൃഷ്ടിക്കുന്നതിനു വേണ്ട നടപടികൾ ഉൾക്കൊള്ളുന്ന ഈ പദ്ധതിയ്ക്കായി അനുവദിച്ച തുക കുറവായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ**

2402-00-001-94—കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി)

36—സഹായധനം (ശമ്പളേതരം)

വിഹിതം .. 25,00,000 രൂപ (പദ്ധതി)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

വിഹിതം .. 2,25,00,000 രൂപ (പദ്ധതി)

27. "ഭൂവിവര വ്യവസ്ഥയുടെ സഹായത്താൽ ഭൂമി നികത്തലും/മാലിന്യ നിർമ്മാർജ്ജന പ്രദേശങ്ങൾ കണ്ടെത്തലും പരിപാലന മാർഗ്ഗങ്ങളും" എന്ന പദ്ധതിയ്ക്ക് തുക അത്യന്താപേക്ഷിതമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31—സഹായധനം-ശമ്പളം

വിഹിതം .. 75,34,000 രൂപ (പദ്ധതിയേതരം)

28. കെ.എസ്.ആർ.ഇ.സി യിലെ ശമ്പളം, അനുബന്ധ ചെലവുകളുടെ നിർവ്വഹണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള കാർഷിക സർവ്വകലാശാല**

2415-01-277-99—കേരള കാർഷിക സർവ്വകലാശാല സഹായധനം

31—സഹായധനം - ശമ്പളം

വിഹിതം .. 281,91,00,000 രൂപ (പദ്ധതിയേതരം)

29. കോടതിവിധിയെ തുടർന്ന് പലിശ ഒഴിവാക്കുവാൻ നൽകേണ്ടി വരുന്ന പെൻഷൻ ആനുകൂല്യങ്ങൾ, ശമ്പള പരിഷ്കരണത്തെ തുടർന്ന് ജീവനക്കാരുടെ ശമ്പളത്തിലും പെൻഷനിലും ഉണ്ടായ വർദ്ധനവ്, ദിവസ വേതനക്കാരെ ഒഴിവാക്കി പി.എസ്.സി മുഖേന നടത്തേണ്ട അനദ്ധ്യാപക നിയമനം, ഐസിഎആർ/യുജിസി മാനദണ്ഡങ്ങൾ പ്രകാരം നടത്തിയ അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രമോഷൻ, ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം, സർക്കാർ വ്യവസ്ഥകൾക്കനുസൃതമായി ഫാം തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ, അദ്ധ്യാപക നിയമനം, തുടങ്ങിയവയും പദ്ധതിയിനത്തിൽ ചെലവാക്കിയിരുന്ന വൈദ്യുതി ചാർജ്ജും താൽക്കാലിക തൊഴിലാളികളുടെ വേതനവും നോൺപ്ലാൻ ഇനത്തിൽ ചെലവാക്കേണ്ടതും കണക്കിലെടുത്ത് അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ 2016-2017-ലെ തനത് ആവശ്യങ്ങൾക്ക് 76.09 കോടി രൂപയും നിലവിലുള്ള പദ്ധതിയേതര ബാദ്ധ്യതകൾ തീർക്കുന്നതിന് 274.41 കോടി രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 350.50 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

2415-03-277-99 —കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

31—സഹായധനം - ശമ്പളം

വിഹിതം .. 67,06,25,000 രൂപ (പദ്ധതിയേതരം)

30. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലേയ്ക്ക് ഓപ്ഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടേയും, അദ്ധ്യാപകരുടേയും പ്രോവിഡന്റ് ഫണ്ട് നിക്ഷേപതുക മാതൃസർവ്വകലാശാലയായ കേരള കാർഷിക സർവ്വകലാശാലയുടെ അക്കൗണ്ടിലായതിനാൽ ജീവനക്കാരുടെ ജനറൽ പ്രോവിഡന്റ് ഫണ്ട് നിക്ഷേപങ്ങളും പലിശയും ചേർത്ത് 29,74,91,924 രൂപ കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിക്ക് ലഭിക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ഫാമിലി ബെനിഫിറ്റ് സ്കീം, വെൽഫയർ ഫണ്ട് സ്കീം എന്നീ പദ്ധതികളിലായും വൻതുകകൾ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയ്ക്ക് ലഭിക്കാനുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

31. മേൽ തുക ലഭിയ്ക്കാത്തതുമൂലം സർവ്വകലാശാലയിലെ ജീവനക്കാരുടെയും വിരമിയ്ക്കുന്ന ജീവനക്കാരുടെയും ആനുകൂല്യങ്ങൾ സമയാസമയങ്ങളിൽ നൽകുന്നതിന് ഈ സർവ്വകലാശാലയിൽ സാധ്യമാകാതെ വരുന്നു. ഔദ്യോഗിക കാലയളവിൽ കഷ്ടപ്പെട്ട് കരുതൽ ധനമായി പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപിച്ച സമ്പാദ്യം വിരമിയ്ക്കുന്ന സമയത്ത് അവരുടെ അത്യാവശ്യങ്ങൾക്ക് ഉപകരിയ്ക്കാനായി നൽകാതിരിയ്ക്കുന്നത് മനുഷ്യാവകാശ ലംഘനമാണെന്ന് സമിതി വിലയിരുത്തുന്നു.

32. ഈ സാഹചര്യത്തിൽ 34.7966 കോടി രൂപ അടിയന്തരമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

വോട്ടു ചെയ്യുന്നത് .. 1021,02,94,000 രൂപ

ചാർജ് ചെയ്യുന്നത് .. ഇല്ല

## കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

6408-02-190—പൊതുമേഖലയും മറ്റ് സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ

98 —RIDF XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

വിഹിതം .. ഇല്ല

33. കൊല്ലം, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കണ്ണൂർ, കാസറഗോഡ് എന്നിവിടങ്ങളിലെ RIDF XVII-ന് കീഴിലുള്ള വെയർഹൗസ് ഗോഡൗണുകളുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 8 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. മൂലധന നിക്ഷേപത്തിലേക്കുള്ള 50% സംസ്ഥാനവിഹിതമായ 50 ലക്ഷം രൂപ, 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ കുടിശ്ശികയായത് ഉൾപ്പെടെ 1.5 കോടി രൂപ കൂടി അധികം അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXI—മൃഗസംരക്ഷണം**

വോട്ടു ചെയ്തത് .. 664,91,43,000 രൂപ

ചാർജ് ചെയ്തത് .. ഇല്ല

2403-00-101-97—മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും

വിഹിതം .. 26,59,00,000 രൂപ (പദ്ധതി)

35. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുക, വകുപ്പിന്റെകീഴിലുള്ള ചെക്ക് പോസ്റ്റുകളുടെ ശാക്തീകരണം, കന്നുകാലി ഇൻഷ്വറൻസ് നടപ്പാക്കുക തുടങ്ങിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101- 84—ജീവശാസ്ത്രപരമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം

വിഹിതം .. 3,05,00,000 രൂപ (പദ്ധതി)

36. പാലോട് സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് എന്ന സ്ഥാപനത്തിൽ മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ വാക്സിനുകൾ, മരുന്നുകൾ എന്നിവ ഉത്പാദിപ്പിക്കുന്നതിനുള്ള ബയോളജിക്കൽ റിയേജന്റിന്റെ ഉത്പാദനത്തിനു പുറമേ ഉദ്യോഗസ്ഥരുടെ പരിശീലനവും ഗവേഷണവും നടത്തിവരുന്നു. പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ നിർമ്മിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനും ഫാർമസ്യൂട്ടിക്കൽ വിഭാഗത്തിന്റെ പൂർത്തീകരണത്തിനും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-101-71—വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം .. 5,41,00,000 രൂപ (പദ്ധതി)

37. കർഷകർക്ക് അവരുടെ മൃഗങ്ങളെ ആശുപത്രിയിൽ കൊണ്ടുവന്ന് ചികിത്സ തേടുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കി കൃഷിയിടങ്ങളിൽ തന്നെ സേവനം ലഭ്യമാക്കുന്നതിനും പുതുതായി 10 ബ്ലോക്കുകളിൽ കൂടി അസമയങ്ങളിൽ അടിയന്തര മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 96 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-99—ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം ..76,21,26,000 രൂപ (പദ്ധതിയേതരം)

02—വേതനം

വിഹിതം .. 1,44,25,000 രൂപ (പദ്ധതിയേതരം)

38. ഈ ശീർഷകത്തിൽ 4.03 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-97— ലൈവ് സ്റ്റോക്ക് ഫാമുകൾ

വിഹിതം .. 8,00,68,000 രൂപ (പദ്ധതിയേതരം)

02—വേതനം

വിഹിതം .. 1,41,82,000 രൂപ (പദ്ധതിയേതരം)

39. ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-96—വർഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം .. 20,96,93,000 രൂപ (പദ്ധതിയേതരം)

02 —വേതനം

വിഹിതം .. 28,48,000 രൂപ (പദ്ധതിയേതരം)

40. ഈ ശീർഷകത്തിൽ അനുവദിച്ച തുക കറവായതിനാൽ 2 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-102-78—ആർ.കെ. വി. വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം .. 36,00,00,000 രൂപ (പദ്ധതി)

41. കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൻ കീഴിൽ ഒരു ലക്ഷം കന്നുകുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് ഈ ശീർഷകത്തിൽ 16.5388 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-103-99—കോഴി വളർത്തൽ കേന്ദ്രങ്ങൾ

വിഹിതം .. 15,66,65,000 രൂപ (പദ്ധതിയേതരം)

05-2 —ഓഫീസ് ചെലവുകൾ, വൈദ്യുത ചെലവ്

വിഹിതം .. 10,81,000 രൂപ

42. കോഴിവളർത്തൽ കേന്ദ്രങ്ങളിലെ വൈദ്യുതി ചാർജ്ജിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-103-84—വീട്ടുപരിസരത്ത് കോഴി വളർത്തൽ വികസന പരിപാടി

വിഹിതം .. 2,55,00,000 രൂപ (പദ്ധതി)

43. വീട്ടുമുറ്റത്തെ കോഴി വളർത്തൽ വികസനത്തിനായി ഗുണമേന്മ കുറഞ്ഞ തീറ്റകൾ നൽകി വളർത്താൻ കഴിയുന്ന മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട ഗ്രാമലക്ഷ്മിപോലുള്ള നാടൻ മുട്ടക്കോഴികൾ പ്രചാരത്തിൽ വരേണ്ടത് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. സ്കൂൾ കുട്ടികൾ മുഖേന നടത്തുന്ന ഈ പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്ന സ്കൂളുകളുടെ എണ്ണം 701 ൽ നിന്നും ഇരട്ടിയാക്കുന്നതിന് ഈ ശീർഷകത്തിൽ 2.55 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-105- 99—പന്നി വളർത്തൽ വികസന പദ്ധതി

വിഹിതം .. 2,08,68,000 രൂപ (പദ്ധതിയേതരം)

21-2 —സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം .. 12,000 രൂപ (പദ്ധതിയേതരം)

44. സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 15,000 രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-190- 83—കേരള ലൈവ് സ്റ്റോക്ക് ബോർഡിനുള്ള സഹായം

വിഹിതം .. 20,00,00,000 രൂപ (പദ്ധതി)

45. കളത്തുപ്പുഴയിലെ ബുൾ മദർഫാമിന്റെ പരിസര പ്രദേശങ്ങളിൽ സാറ്റലൈറ്റ് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഈ ശീർഷകത്തിൽ 1.1775 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ

2403-00-190-94—കെ.എസ്സ്.പി.ഡി.സി.യ്ക്ക് സഹായം

വിഹിതം .. 9,20,00,000 രൂപ (പദ്ധതി)

46. കെപ്കോ ആശ്രയ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, കോഴി വളർത്തൽ ഗ്രാമങ്ങൾ എന്നീ പദ്ധതികൾക്കായിട്ടാണ് 2016-17 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത്.

## കെപ്കോ ആശ്രയ

47. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ മുഴുവൻ വിധവകൾക്കും ആനുകൂല്യം ലഭിക്കുന്ന ഈ പദ്ധതിയിൽ ഓരോ വനിതാ ഗുണഭോക്താവിനും 10 കോഴി, 10 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ തികച്ചും സൗജന്യമായി നൽകുന്നതിനായി വകയിരുത്തിയ തുകയ്ക്കു പുറമെ 2.3 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി

48. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 5 കോഴി, 3 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവ സൗജന്യമായി നൽകിയിരുന്ന ഈ പദ്ധതി ഈ വർഷം പുനരാരംഭിച്ച് നിലവിൽ 1,08,683 വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തു കഴിഞ്ഞതായും ഇനി 35,000 വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഇതിനായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയുടെ നിർബാധമായ നടത്തിപ്പിന് 2 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കോഴിവളർത്തൽ ഗ്രാമങ്ങൾ

49. സ്ത്രീ ശാക്തീകരണം, വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി കെപ്കോ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന 21 പഞ്ചായത്തുകളിൽ, ഓരോ പഞ്ചായത്തിലും 1000 വനിതാ ഗുണഭോക്താക്കൾക്കും 8 കോഴി, 5 കിലോ തീറ്റ, 50 രൂപയുടെ മരുന്ന് എന്നിങ്ങനെ ആകെ 21,000 ഗുണഭോക്താക്കൾക്ക് ഈ പദ്ധതി

പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നു. വനിതാ ഗുണഭോക്താക്കൾക്കായുള്ള ഈ പദ്ധതിയുടെ നടത്തിപ്പിന് നീക്കിവച്ചിട്ടുള്ള 2.5 കോടി രൂപ അപര്യാപ്തമായതിനാൽ അധികമായി 2 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. ഗുണമേന്മയുള്ള കോഴിത്തീറ്റ മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കണമെന്ന ലക്ഷ്യം മുൻനിറുത്തി തൃശ്ശൂർ ജില്ലയിലെ മാളയിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക രീതിയിലുള്ള കോഴിത്തീറ്റ ഉല്പാദന കേന്ദ്രം കമ്മീഷൻ ചെയ്ത് കോഴിത്തീറ്റ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങുന്നതിനും മാനവശേഷി ലഭ്യമാക്കുന്നതിനും മറ്റ് പ്രാരംഭച്ചെലവുകൾക്കുമുള്ള വർക്കിംഗ് കാപ്പിറ്റലിനുമായി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപർശ ചെയ്യുന്നു.

**കേരള ഫീഡ്സ് ലിമിറ്റഡ്**

2403-00-190- 86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം .. 8,00,00,000 രൂപ (പദ്ധതി)

51. കേരള ഫീഡ്സ് ലിമിറ്റഡിന്റെ താഴെപ്പറയുന്ന പദ്ധതികൾക്ക് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു.

52. ഇടുക്കി ജില്ലയിലെ അരിക്കുഴ പഞ്ചായത്തിൽ പ്രതിദിനം 500 ടൺ ഉൽപ്പാദന ശേഷിയുള്ള ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി പൂർത്തിയാകുന്നതോടെ ക്ഷീര കർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ മിതമായ നിരക്കിൽ ലഭിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ പദ്ധതി പൂർത്തീകരണത്തിനായി 6 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി പഞ്ചായത്തിൽ തിരുവാങ്ങൂരിൽ സ്ഥാപിക്കുന്ന പ്രതിദിനം 300 ടൺ ഉത്പാദന ശേഷിയുള്ള കാലിത്തീറ്റ യൂണിറ്റ് ആരംഭിക്കുന്നതോടെ വടക്കൻ കേരളത്തിലെ ക്ഷീര കർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി പൂർത്തീകരിച്ചതിന് അനുസൃതമായി വിവിധ ഏജൻസികൾക്ക് കുടിശ്ശിക തുക നൽകാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കാലിത്തീറ്റ യൂണിറ്റിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുകയ്ക്കു പുറമെ 5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. 17 വർഷം മുമ്പ് പ്രവർത്തനം ആരംഭിച്ച തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലുള്ള പ്രതിദിനം 650 ടൺ ഉത്പാദനശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ പെല്ലറ്റ് മിൽ, ഹാമർ മിൽ, സൈലൊ തുടങ്ങിയ നിർണ്ണായക യന്ത്രസാമഗ്രികളുടെ നവീകരണം

നടത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സാമഗ്രികളുടെ നവീകരണത്തിനായി 6 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള പ്രതിദിനം 300 ടൺ ഉത്പാദനശേഷിയുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിൽ ഉൽപാദനം കാര്യക്ഷമമായ രീതിയിൽ ഉറപ്പുവരുത്തി മുന്നോട്ടു പോകുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ആവശ്യമായ വിപുലീകരണം നടത്തുന്നതിനുമായി ഈ പദ്ധതിയ്ക്ക് 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. 4 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ സ്ഥാപിക്കുന്ന പ്രതിദിനം 50 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ബൈപാസ് പ്രോട്ടീൻ ഫീഡ് യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉൽപാദനം തുടങ്ങുന്നതിനായി ഈ സ്ഥാപനത്തിന് 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. എല്ലാവർഷവും മെയ് മുതൽ ഒക്ടോബർ വരെയുള്ള ആറുമാസ കാലയളവിൽ അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവിനിടയിലും ക്ഷീര കർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ സ്ഥിരമായി ലഭ്യമാക്കുന്നതിലൂടെ കേരള ഫീഡ്സിന് പ്രതിവർഷമുണ്ടാകുന്ന ഏകദേശം 1500 ലക്ഷം രൂപയുടെ അധിക ബാധ്യത തീർപ്പാക്കുന്നതിന് 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. കേന്ദ്ര ഗവൺമെന്റിന്റെ വനിത ശിശു ക്ഷേമ വകുപ്പ് മുഖാന്തിരം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 10000 വനിതകൾക്ക് ആട്ട വിതരണം ചെയ്യുന്ന ഈ പദ്ധതിയുടെ ആദ്യഘട്ട ധനസഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമായ സാഹചര്യത്തിൽ പദ്ധതിയുടെ സമയബന്ധിത നടത്തിപ്പിനായി ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93— എം.പി.ഐ. യ്ക്ക് സഹായം

വിഹിതം .. ഇല്ല

59. 31.02 കോടി രൂപ പദ്ധതി ചെലവുള്ള ഇടയാറിലെ ആധുനിക അറവുശാലക്ക് അനുവദിച്ച കേരള സർക്കാർ വിഹിതത്തിൽ ബാക്കിയുള്ള വിഹിതമായ 77 ലക്ഷം രൂപയും പദ്ധതി അടങ്കലിന്റെ 40% ത്തിന്മേൽ 15% സർവീസ് ടാക്സ് ഇനത്തിൽ 192.12 ലക്ഷം രൂപയും ചേർത്ത് ആകെ 2.6912 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

60. പ്രതിദിനം 200 വലിയ മൃഗങ്ങളെയും 200 ചെറിയ മൃഗങ്ങളെയും 5000 പക്ഷികളേയും സംസ്കരിക്കുന്നതിനുള്ള ഒരു ആധുനിക ഇറച്ചി സംസ്കരണശാല തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ പരിയാരം വില്ലേജിൽ സ്ഥാപിക്കാനുള്ള പദ്ധതിയാണിത്. 37.5 കോടി രൂപയുടെ അടങ്കൽ പദ്ധതി വിഹിതത്തിൽ 10 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമുള്ള ഈ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 2016-17-ൽ ഒരു കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. ഇടയാറിൽ മാംസ ഉൽപ്പന്നങ്ങൾ ഭക്ഷ്യയോഗ്യമാക്കി ടിന്നുകളിലും ക്യാനുകളിലുമാക്കി ഉപഭോക്താക്കൾക്കെത്തിക്കാൻ റിട്ടോർട്ട് പൗച്ച് യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. കോഴിസംസ്കരണത്തിൽ നിന്നുണ്ടാകുന്ന വേസ്റ്റ് വസ്തുക്കൾ സംസ്കരിച്ച് മറ്റ് ഉൽപന്നങ്ങൾ ഉണ്ടാക്കാൻ ഒരു പ്ലാന്റ് അനിവാര്യമായതിനാൽ ഇടയാർ എം.പി.ഐ കാമ്പസിലുള്ള കോഴിഇറച്ചി സംസ്കരണ പ്ലാന്റിനോട് ചേർന്ന് അധിക ശേഷിയുള്ള ഒരു റെന്ററിങ്ങ് പ്ലാന്റ് 2016-17 സാമ്പത്തിക വർഷം തന്നെ സ്ഥാപിക്കുന്നതിന്റെ പ്രാരംഭചെലവിനായി 25 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. ഇടയാർ എം.പി.ഐ. ക്യാമ്പസിൽ 2 കോടി രൂപ പദ്ധതി ചെലവുള്ളതും ഏകദേശം 200-ൽ പരം പന്നിക്കുട്ടികളെ ഒരേ സമയം പരിപാലിച്ച് വളർത്തി ശുചിയായ മാംസ ഉൽപാദനത്തിനു പ്രാപ്തമാക്കുന്നതുമായ അത്യാധുനിക ബ്രീഡിംഗ് ഷെഡ് നിർമ്മാണം നടത്തുന്നതിനും പന്നി മാംസഉൽപാദനത്തിൽ സ്വയം പര്യാപ്തത പരമാവധി എത്തിക്കാനുമുള്ള ഈ പദ്ധതി 2016-17-ൽ തന്നെ തുടങ്ങാൻ പ്രാരംഭ ചെലവുകൾക്കായി 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. ഇടയാർ എം.പി.ഐ. ക്യാമ്പസിൽ അത്യാധുനിക രീതിയിലുള്ള ഒരു ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രം സ്ഥാപിച്ചെടുക്കുക വഴി കോഴി ഇറച്ചി സംസ്കരണത്തിന് എം.പി.ഐ വളർത്തിയെടുത്ത കോഴികളെ പരമാവധി ലഭ്യമാക്കൽ പദ്ധതി നടപ്പിലാക്കാൻ ഒരു കോടി രൂപ 2016-17 ബഡ്ജറ്റിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2403-00-190-93

വിഹിതം .. ഇല്ല

65. ഏകദേശം ആയിരത്തിൽപ്പരം ഡീലർമാരും അഞ്ഞൂറിൽപ്പരം ഔട്ട്ലെറ്റുകളും കേരളത്തിലുടനീളമുള്ള എം.പി.ഐ.യ്ക്ക് ഡീലർമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഉൽപ്പന്നങ്ങൾ

വിൽപനയ്ക്ക് എത്തിക്കേണ്ടതിനും ദീർഘദൂര യാത്ര വേണ്ടിവരുന്ന മാംസ ഉത്പന്നങ്ങളുടെ വിതരണത്തിനും, ശീതീകരണം യാത്രാവേളയിലാകെ നിലനിർത്താൻ സംവിധാനമുള്ള 3 വാനുകൾ ആവശ്യമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഫണ്ടിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII—ക്ഷീര വികസന വകുപ്പ്

വോട്ട് ചെയ്തത് .. 163,47,21,000 രൂപ

ചാർജ്ജ് ചെയ്തത് .. ഇല്ല

2404-00-001-99—ഡയറക്ടറേറ്റ്

21-1—മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

വിഹിതം .. ഇല്ല

66. ഡയറക്ടറേറ്റിലും ജില്ലാതല ഓഫീസുകളിലും പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-98—ജില്ലാ ഭരണം

17—ചെറുകിട മരാമത്ത് പണികൾ

വിഹിതം .. 1,000 രൂപ (പദ്ധതിയേതരം)

67. ജില്ലാ ഓഫീസുകളുടെ നവീകരണത്തിന് ഈ ശീർഷകത്തിൽ 49.99 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

വിഹിതം .. 4,50,00,000 രൂപ (പദ്ധതി)

68. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള 5 പരിശീലന കേന്ദ്രങ്ങൾ വഴി വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിനും അപ്രതീക്ഷിതമായുണ്ടായ കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനും ക്ഷീരകർഷകർക്കുള്ള അവാർഡ് നൽകുന്നതിനും നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.8 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-79—കാലിത്തീറ്റയുള്ള സബ്സിഡി

വിഹിതം .. 13,50,00,000 രൂപ (പദ്ധതി)

69. ഒരു രൂപ നിരക്കിൽ വർഷം മുഴുവൻ കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി 59.13 കോടി രൂപ ആവശ്യമുള്ളതിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെയുള്ള തുക ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കഴിഞ്ഞ 2 വർഷത്തിലും അനുവദിച്ച് നൽകിയിട്ടില്ലാത്തതിനാലും 2016-17 വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ കാലിത്തീറ്റ സബ്സിഡി 20 കോടിയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാലും കാലിത്തീറ്റ സബ്സിഡി ധനസഹായം കർഷകർക്ക് നൽകുന്നതിനായി ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-77—കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉത്പാദനവും സൂക്ഷിക്കലും

വിഹിതം .. 5,00,00,000 രൂപ (പദ്ധതി)

70. സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് വനിതകളെ ഉൾപ്പെടുത്തി ഗോപാലിക ഗ്രൂപ്പ് രൂപീകരിച്ച് തീറ്റപ്പുൽക്കൃഷി വ്യാപകമാക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5.2366 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-102-76—ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ധനസഹായം

വിഹിതം .. 25,00,000 രൂപ (പദ്ധതി)

71. കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ എണ്ണം വർദ്ധിച്ചതിനാലും സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി നൽകി വരുന്ന ധനസഹായ തുക വർദ്ധിപ്പിച്ചതിനാലും ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

വിഹിതം .. 4,50,00,000 രൂപ (പദ്ധതി)

72. കേരളത്തിലെ തെരഞ്ഞെടുത്ത അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാര പരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും ദേശീയ അക്രെഡിറ്റേഷൻ ലഭിച്ച സംസ്ഥാന ഡെയറി ലാബിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷം ELAMS-ന് വകമാറ്റിയ പദ്ധതികളുടെ

നടത്തിപ്പിലേയ്ക്കുമായി 1.27 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-109-93—മിൽക്ക് ഷെഡ് വികസന പദ്ധതി

വിഹിതം .. 38,92,00,000 രൂപ (പദ്ധതി)

73. തെരഞ്ഞെടുത്ത ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.0892 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-195-94—ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം .. 19,50,00,000 രൂപ (പദ്ധതി)

74. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും കമ്പ്യൂട്ടർവത്കരണവും നടപ്പിലാക്കി ക്ഷീര സംഘങ്ങളെ ശാക്തീകരിക്കുന്നതിനും, വകുപ്പിന്റെ വിവിധ തലത്തിലുള്ള ഓഫീസുകളെ തമ്മിൽ ലിങ്ക് ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കും തുക അധികം ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 1.1376 കോടി രൂപ കൂടി അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-800-80—വയനാട് ബ്രഹ്മഗിരി വികസന സൊസൈറ്റിയ്ക്ക് ധനസഹായം

വിഹിതം .. 1000 രൂപ (പദ്ധതി)

75. വയനാട് ബ്രഹ്മഗിരി വികസന സൊസൈറ്റിയ്ക്ക് ധനസഹായം നൽകുന്നതിനുള്ള ചെലവ് 'ന്യൂ സർവ്വീസ്' നടപടിക്രമം പാലിച്ച് നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ 9.9999 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-800-78—ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുള്ള ധനസഹായം

വിഹിതം .. ഇല്ല

76. ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുമ്പോൾ സംജാതമാകുന്ന അധിക ബാധ്യത നേരിടുന്നതിനായി ഈ ശീർഷകത്തിൽ 87.68 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-800-76—കടക്കെണിയിലായ ക്ഷീരകർഷകർക്ക് ധനസഹായം

വിഹിതം .. 1000 രൂപ (പദ്ധതി)

77. കന്നുകാലികൾ ചത്തുപോകുകയും കറവപ്പശുക്കളുടെ പാലുത്പാദനത്തിൽ കുറവുവരുകയും തൽഫലമായി കടക്കെണിയിലാകുകയും ചെയ്ത ക്ഷീരകർഷകർക്ക്

ധനസഹായം നൽകുന്നതിന് 'ന്യൂ സർവ്വീസ് ' നടപടിക്രമം പാലിച്ചുകൊണ്ട് ഭേദഗതി പത്രികയിലുൾപ്പെട്ട പ്രസ്തുത പദ്ധതിയ്ക്ക് 5 കോടി രൂപ വകയിരുത്തുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിനാൽ ഈ ശീർഷകത്തിൽ 4.9999 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78. ഈ പദ്ധതിയുടെ പ്രയോജനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്ത കന്നുകാലികളുള്ള ക്ഷീരകർഷകർക്ക് മാത്രമായി പരിമിതപ്പെടുത്താതെ മുഴുവൻ ക്ഷീര കർഷകർക്കും ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2404-00-001-99—ഡയറക്ടറേറ്റ്

17—ചെറുകിട മരാമത്ത് പണികൾ

വിഹിതം .. 1000 രൂപ (പദ്ധതിയേതരം)

79. ഡയറക്ടറേറ്റ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് നവീകരിക്കുക, ഹെഡ് ഓഫീസിലേയ്ക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുക, ഡയറക്ടറേറ്റിനോടനു ബന്ധമായി പുതിയ മുറികൾ പണിയുക തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ 2.4999 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4404-102-87—ക്ഷീരവികസനത്തിനുള്ള മൂലധന ചെലവ്

വിഹിതം .. ഇല്ല

80. ലാൻഡ് അക്വിസിഷൻ പദ്ധതികളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകുന്നതിന് ഈ ശീർഷകത്തിൽ 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXIII—മത്സ്യബന്ധനം**

വോട്ട് ചെയ്തത് : 56,78,044,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2405-00-103-83—മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ്

വിഹിതം .. ഇല്ല

81. മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യത്തിന്റെ 0.5% തുക സർക്കാർ വിഹിതമായും മത്സ്യഫെഡിന് ലഭിക്കുന്ന വിഹിതത്തിന്റെ 0.5% തുകയും ചേർത്ത് ആകെ 2% തുക ഉൽപ്പാദന ബോണസ്സായി നൽകേണ്ടതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-82—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി സഹായം)

വിഹിതം .. 2,00,00,000 രൂപ (പദ്ധതി)

82. മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യമുള്ള ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി 20.367 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-110-98—പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം.

വിഹിതം .. 20,00,000 രൂപ (പദ്ധതി)

83. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 H.P-ന്‌ താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ മാറ്റിവയ്ക്കുവാൻ സബ്സിഡി നൽകുന്ന ഈ പദ്ധതിയ്ക്കായി കേന്ദ്രസഹായത്തിനൊപ്പം സംസ്ഥാന വിഹിതമായ തുകയും ആവശ്യമാണ്. ഇതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-110-99—നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണം (50% കേന്ദ്രസഹായം)

വിഹിതം .. ഇല്ല

84. 2013-14,2014-15 വർഷത്തെ ബഡ്ജറ്റിൽ ഫണ്ട് ലഭിക്കാത്തതിനാലും ഏകദേശം 2345 എഞ്ചിനുകൾ ഈ കാലയളവിൽ വിൽപ്പന നടത്തിയിട്ടുള്ളതിനാലും കൂടുതൽ ഫണ്ട് ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 1.1 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-99—മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് അധിക സംസ്ഥാന വിഹിതം

വിഹിതം .. 1,000 രൂപ (പദ്ധതി)

85. പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിനുള്ള 'സമ്പാദ്യ സമാശ്വാസ പദ്ധതി' പ്രകാരം നൽകിവരുന്ന തുക 2700 ൽ നിന്നും 3600 രൂപയാക്കി വർദ്ധിപ്പിക്കുമ്പോൾ 1.83 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് അധികമായി വേണ്ടിവരുന്ന സംസ്ഥാന വിഹിതം അനുവദിക്കുന്നതിനു വേണ്ടി ഈ ശീർഷകത്തിൽ 16.47 കോടി രൂപ കൂടി അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-75—മത്സ്യത്തൊഴിലാളികൾക്ക ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി (50% CSS)

വിഹിതം .. 26,00,00,000 രൂപ (പ്ലാൻ)

86. പഞ്ഞ മാസങ്ങളിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിനായുള്ള ഈ പദ്ധതിയിൽ 2016-17 വർഷത്തിൽ ഗുണഭോക്താക്കളുടെ എണ്ണം 1.83 ലക്ഷം ആയിരിക്കുമെന്ന് കരുതുന്നതിനാൽ ഗുണഭോക്തൃവിഹിതമായ 900 രൂപ വീതം സംസ്ഥാന വിഹിതവും കേന്ദ്രവിഹിതവും ചേർത്ത് 1800 രൂപ നിരക്കിൽ നൽകുന്നതിന് ഈ ശീർഷകത്തിൽ 6.94 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-91—കടലാക്രമണത്തിൽ ഭൂമിയും വീട്ടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പ്രത്യേക പാക്കേജ്

വിഹിതം .. 1,000 രൂപ (പദ്ധതി)

87. കടലാക്രമണത്തിൽ ഭൂമിയും വീട്ടും നഷ്ടമായവരെ നടപ്പുവർഷം തന്നെ പുനരധിവസിപ്പിക്കുന്നതിനും സുരക്ഷിത സ്ഥലത്തേക്ക് മാറി താമസിക്കുന്നതിന് സ്വന്തമായി ഭൂമിയും വീട്ടും നൽകുന്നതിനുമായുള്ള ഈ പദ്ധതിക്ക് 25 കോടി രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-92—വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ-മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

വിഹിതം .. 1,000 രൂപ (പദ്ധതി)

88. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കേണ്ടി വരുന്ന മത്സ്യത്തൊഴിലാളികളുടെ പൂർണ്ണ ബാധ്യത ഏറ്റെടുത്ത് അവർക്കായി സ്ഥലവും വീട്ടും മറ്റു ജീവനോപാധി സഹായങ്ങളും പരിശീലനങ്ങളും നൽകുന്നതിനായുള്ള ഈ പദ്ധതിക്ക് 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

89. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിയും വീട്ടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനും സമഗ്രവികസനത്തിനുമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പദ്ധതി തയ്യാറാക്കണമെന്നും പദ്ധതി തയ്യാറാക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക തുക അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-98—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

വിഹിതം .. 1,00,00,000 രൂപ (പ്ലാൻ)

90. മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്ന തിനായി വായ്പാ സൗകര്യം ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിക്ക് ഈ ശീർഷകത്തിൽ 19.2577 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-47—ചേറ്റുവ, ചെറുവത്തൂർ, തലായി ഫിഷിംഗ് ഹാർബറുകളുടെ പൂർത്തീകരണവും പൂർണ്ണ പ്രവർത്തന സജ്ജമാക്കലും (50% കേന്ദ്രസഹായം)

വിഹിതം .. 3,10,00,000 രൂപ (പ്ലാൻ)

91. ചേറ്റുവ, ചെറുവത്തൂർ, തലായി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിന് ഈ ശീർഷകത്തിൽ 10.3043 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-48—മുനയ്ക്കാക്കടവിൽ ഫിഷ് ലാന്റിംഗ് സെന്റർ (50% കേന്ദ്രവിഹിതം)

വിഹിതം .. 30,00,000 രൂപ (പദ്ധതി)

92. മുനയ്ക്കാക്കടവിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-49—മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം (50% കേന്ദ്രസഹായം)

വിഹിതം .. 10,00,00,000 രൂപ (പദ്ധതി)

93. 2015-16 സാമ്പത്തിക വർഷം ആരംഭിച്ച മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-50—താനൂർ മത്സ്യബന്ധന തുറമുഖം (50% കേന്ദ്രസഹായം)

വിഹിതം .. 11,00,00,000 രൂപ (പദ്ധതി)

94. 2016-17 സാമ്പത്തിക വർഷം പൂർത്തീകരിക്കേണ്ട താനൂർ മത്സ്യബന്ധന തുറമുഖ പദ്ധതിക്ക് ഈ ശീർഷകത്തിൽ 9 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-51—വെള്ളയിൽ മത്സ്യബന്ധന തുറമുഖം (50% കേന്ദ്രസഹായം)

വിഹിതം .. 9,00,00,000 രൂപ (പദ്ധതി)

95. 2016-17 സാമ്പത്തിക വർഷം പൂർത്തീകരിക്കേണ്ട ഈ പദ്ധതിക്കായി ഈ ശീർഷകത്തിൽ 11 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-52—അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം (50% കേന്ദ്രസഹായം)

വിഹിതം .. 12,00,00,000 രൂപ (പദ്ധതി)

96. 2016-17 സാമ്പത്തിക വർഷം പൂർത്തിയാക്കേണ്ട അർത്തുങ്കൽ മത്സ്യബന്ധന തുറമുഖ പദ്ധതിക്ക് ഈ ശീർഷകത്തിൽ 15.22 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-53—ആർ.ഐ.ഡി.എഫ് സഹായത്തിന്മേലുള്ള സംയോജിത തീരദേശ വികസന പദ്ധതി

വിഹിതം .. 12,40,00,000 രൂപ (പദ്ധതി)

97. മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച 130 കോടി രൂപയുടെ തുടർന്നു വരുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ 27.6 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-54—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

വിഹിതം .. 20,00,00,000 രൂപ (പദ്ധതി)

98. നബാർഡിന്റെ അനുമതി ലഭിച്ച പുതിയ പ്രവൃത്തികളും മുൻകാല പ്രവൃത്തിയും പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 43 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-55—മത്സ്യബന്ധന തുറമുഖത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

വിഹിതം .. ഇല്ല

99. നീണ്ടകര ഹാർബറിന്റെ ശക്തികുളങ്ങര ഭാഗത്തെ 25.4 ആർ സ്ഥലം ഏറ്റെടുക്കുന്നതിനും ചെല്ലാനം ഫിഷറി ഹാർബറിന്റെ 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുമായി 15 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-60—ചേത്തി മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)

വിഹിതം .. 1000 രൂപ (പദ്ധതി)

100. ചേത്തി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ചെലവ് നേരിടുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-62—കടലോര മത്സ്യബന്ധ അടിസ്ഥാന സകര്യം മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്രവിഹിതം)

വിഹിതം .. 5,08,00,000 രൂപ (പദ്ധതി)

101. പുതിയാപ്പ, മാപ്പിളബേ, തോട്ടപ്പള്ളി എന്നീ മത്സ്യബന്ധന തുറമുഖങ്ങളിലെ ഡ്രഡ്ജിങ്ങ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ തുടരുന്നതിനും ഈ ശീർഷകത്തിൽ 2.97 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-80—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം .. 2,00,00,000 രൂപ (പദ്ധതി)

102. തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2016-17 വർഷം പൂർത്തീകരിക്കേണ്ടതായതിനാൽ ഈ ശീർഷകത്തിൽ 8.65 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-104-83—പുതിയ മത്സ്യബന്ധന തുറമുഖ കേന്ദ്രങ്ങൾ കണ്ടെത്തൽ

വിഹിതം .. 50,00,000 രൂപ (പദ്ധതി)

103. 3 ഫിഷ് ലാന്റിംഗ് സെന്ററുകളുടെ ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ 13 പ്രവൃത്തികളുടെ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 1.35 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-800-78—ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം.

വിഹിതം .. ഇല്ല (പദ്ധതി)

104. പാലം നിർമ്മാണത്തിന്റെ കുടിശ്ശിക തുക നൽകുന്നതിനും ശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6405-00-195-99—മത്സ്യബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശ പദ്ധതിക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി സഹായം)

വിഹിതം .. 16,50,00,000 രൂപ (പദ്ധതി)

105. മുൻ വർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിൽ നിന്നും മുഴുവൻ തുകയും അനുവദിച്ച് കിട്ടിയിട്ടില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9.826 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-001-99—നടത്തിപ്പ്

വിഹിതം .. 23,85,29,000 രൂപ (പദ്ധതിയേതരം)

18 —സംരക്ഷണം

വിഹിതം .. 25,000 രൂപ

106. കണ്ണൂർ, പൊന്നാനി, മലമ്പുഴ എന്നിവിടങ്ങളിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, കണ്ണൂർ, ബേപ്പൂർ, നീണ്ടകര, വിഴിഞ്ഞം എന്നിവിടങ്ങളിലെ ഫിഷറീസ് സ്റ്റേഷനുകൾ, വൈക്കം, കസബ എന്നിവിടങ്ങളിലെ ഇൻസ്പെക്ടർ ഓഫീസുകൾ, മാടായി ഫിഷറീസ് സബ് ഇൻസ്പെക്ടർ ഓഫീസ്, വെള്ളയിൽ കമ്മ്യൂണിറ്റി റിസോഴ്സ് സെന്റർ എന്നിവയുടെ സംരക്ഷണത്തിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-1 — മോട്ടോർ വാഹനങ്ങൾ - വാഹനം വാങ്ങൽ

വിഹിതം .. ഇല്ല (പദ്ധതിയേതരം)

107. പുതിയ വാഹനം വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 14 ലക്ഷം രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-103-84—മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം

വിഹിതം .. 3,50,00,000 രൂപ (പദ്ധതിയേതരം)

108. സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യത്തിനായി പ്രതിമാസം നിശ്ചിത തോതിൽ സബ്സിഡി നിരക്കിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ ഓയിൽ കമ്പനികളിൽ നിന്നും വെള്ള മണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബർ/ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് പ്രാഥമിക

മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന ഈ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി 12 മാസത്തേക്ക് 68 കോടി രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 64.5 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

2405-00-103-86—മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്

വിഹിതം .. ഇല്ല

109. 2015-16 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-105-88—തീരമൈത്രി സൂപ്പർ മാർക്കറ്റ്

വിഹിതം .. 1000 രൂപ (പദ്ധതിയേതരം)

110. തീരമൈത്രി സൂപ്പർ മാർക്കറ്റിലൂടെ അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിന് സപ്ലൈകോയ്ക്ക് തുക നൽകുന്നതിന് 1 കോടിരൂപ 2016-17 വർഷത്തിൽ ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4405-00-103-94—മരാമത്തുകൾ

വിഹിതം .. 55,00,00,000 രൂപ (പദ്ധതിയേതരം)

111. 2015-16 ലെ പെൻഡിംഗ് ബില്ല് തീർപ്പാക്കുന്നതിനും 2015-16-ൽ ഭരണാനുമതി ലഭിച്ച 120 കോടി രൂപയുടെ തീരദേശ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും അധിക ഫണ്ട് ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 70 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-109-94—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

വിഹിതം .. 1,000 രൂപ (പദ്ധതിയേതരം)

112. കൊച്ചിയിലെ പുതുവൈപ്പിനിൽ ഓഷ്യനേറിയം സ്ഥാപിക്കുന്നതിനും ഒരു ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുമുള്ള പദ്ധതിക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-21—കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

വിഹിതം .. 17,50,00,000 രൂപ (പദ്ധതിയേതരം)

113. മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിനായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 32.5 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-28—കേരള മത്സ്യ അനുബന്ധ തൊഴിലാളിക്ഷേമസെസ്സ് ആക്ട്, 2007 പിരിച്ച സെസ് തുക കെ.എഫ്.ഡബ്ല്യു ബോർഡിലേക്ക് മാറ്റുന്നത്.

വിഹിതം .. 1,000 രൂപ (പദ്ധതിയേതരം)

114. സെസ്സ് സംബന്ധമായ കേസ്സുകൾ തീർപ്പാക്കുന്നതിന് ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-30—കട്ടുങ്ങല്ലൂർ അക്വാ ടെക്നോളജി പാർക്ക്

വിഹിതം .. 1,000 രൂപ (പദ്ധതിയേതരം)

115. ഏറെ സാദ്ധ്യതയുള്ള അലങ്കാര മത്സ്യമേഖല പുനരുജ്ജീവിപ്പിക്കുന്നതിന് കട്ടുങ്ങല്ലൂരിൽ പ്രവർത്തിക്കുന്ന അക്വാവെൻച്വർ ഇന്റർനാഷണൽ (കാവിൽ) എന്ന സ്ഥാപനത്തിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-92—രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം

വിഹിതം .. 10,00,00,000 രൂപ (പദ്ധതിയേതരം)

116. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെന്റ് എന്നീ ആനുകൂല്യങ്ങൾ 2016-17 അദ്ധ്യയന വർഷം മുതൽ വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായ സാഹചര്യത്തിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായ,വിവിധ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി 30 കോടി രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം മത്സ്യ അനുബന്ധ തൊഴിലാളികൾക്കുമുള്ള പെൻഷൻ

വിഹിതം .. 30,00,00,000 രൂപ (പദ്ധതിയേതരം)

117. സർക്കാർ, പെൻഷൻ തുക 1000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 50715 മത്സ്യത്തൊഴിലാളികൾക്കും 10250 വിധവ പെൻഷണർമാർക്കും 7285 അനുബന്ധ തൊഴിലാളികൾക്കും വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുന്നതിന് 5% പദ്ധതി നിർവ്വഹണ ചെലവും ചേർത്ത് 86 കോടി രൂപ ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 56 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

118. താഴെപ്പറയുന്ന പദ്ധതികൾക്കായി പുതിയ ശീർഷകമനുവദിച്ച് തുക വകയിരുത്ത ണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

119. പ്രത്യേക നിക്ഷേപ പദ്ധതിയുടെ ഭാഗമായുള്ള പുലിമുട്ട് നിർമ്മാണം, 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് 100 കോടി രൂപയും

120. തലശ്ശേരി മത്സ്യബന്ധന തുറമുഖം പൂർത്തീകരിക്കുന്നതിന് 5 കോടി രൂപയും

121. മത്സ്യത്തൊഴിലാളി വനിത ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾ (ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള പരിശീലനവും യാനങ്ങളും നൽകുന്നതിന്) ആരംഭിക്കുന്നതിന് പ്രവർത്തന മൂലധനമായി 10 കോടി രൂപയും.

122. 2016-17-ലെ പുതുക്കിയ ബജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച്, സംസ്ഥാനത്തിന്റെ തീരസംരക്ഷണത്തിന് അനുയോജ്യമായ തീരസംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനായി 50 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി-I.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 10.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.